**കേരള സർക്കാർ**

**സംഗ്രഹം**

പൊ.വി.വ-എച്ച്.എസ്.ടി (നാച്ചറൽ സയൻസ്) തസ്തികയിലെ നിയമനത്തിന് കോഴിക്കോട് സർവകലാശാലയുടെ ഫാമിലി ആന്റ് കമ്മ്യൂണിറ്റി സയൻസ് ബിരുദം യോഗ്യതയായി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (സാധാ) നം.3078/2018/പൊവിവ തിരുവനന്തപുരം, തീയതി 10/08/2018**

പരാമർശം:- 1. സ.ഉ (കൈ) നം. 141/88/പൊവിവ തീയതി 13-09-1988.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18-1-2017 ലെ H3/1801/2017/DPI നമ്പർ കത്ത്.

3. എസ്.സി.ഇ. ആർ.ടി ഡയറക്ടറുടെ 10-7-17-ലെ പ്രോഗ്രാം2/2439/18/SCERT നമ്പർ കത്ത്.

**ഉത്തരവ്**

ഹോം സയൻസ് ഐച്ഛിക വിഷയമായുള്ള ബിരുദം എച്ച്.എസ്.ടി (നാച്ചറൽ സയൻസ്) തസ്തികയിലെ നിയമനത്തിന് യോഗ്യതയായി അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കോഴിക്കോട് സർവകലാശാല നടത്തിവന്ന ബി.എസ്.സി (ഹോം സയൻസ്) കോഴ്സിന്റെ പേര് ബി.എസ്.സി (ഫാമിലി ആൻഡ് കമ്മ്യൂണിറ്റി സയൻസ്) എന്നാക്കി മാറ്റിയിട്ടുണ്ട്. എന്നാൽ ബി.എസ്.സി (ഫാമിലി ആൻഡ് കമ്മ്യൂണിറ്റി സയൻസ്) ബിരുദം, എച്ച്.എസ്.ടി (നാച്ചറൽ സയൻസ്) തസ്തികയിലെ നിയമനത്തിന് അക്കാദമിക യോഗ്യതയായി അംഗീകരിച്ചിരുന്നില്ല. തന്മൂലം എയ്ഡഡ് സ്കൂളുകളിലെ നിരവധി നിയമന അംഗീകാര പ്രൊപ്പോസലുകളിൽ തീരുമാനമെടുക്കാൻ കഴിയാത്ത അവസ്ഥയാണെന്നും ആയതിനാൽ ബി.എസ്.സി (ഫാമിലി ആൻഡ് കമ്മ്യൂണിറ്റി സയൻസ്) ബിരുദം എച്ച്.എസ്.ടി (നാച്ചറൽ സയൻസ്) തസ്തികയിലെ നിയമനത്തിന് അക്കാദമിക യോഗ്യതയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

1997 മുതൽ 2000 വരെ കോഴിക്കോട് സർവകലാശാല നടത്തിയിരുന്ന ബി.എസ്.സി (ഹോ സയൻസ്) എന്ന ബിരുദ കോഴ്സ് 2001 മുതൽ ബി.എസ്.സി (ഫാമിലി ആൻഡ് കമ്മ്യൂണിറ്റി സയൻസ്) എന്ന പേരിൽ മാറ്റിയെങ്കിലും ആയതിന്റെ ഉള്ളടക്കത്തിലും പാഠ്യപദ്ധതിയിലും മാറ്റമില്ലാത്തതിനാൽ ഹൈസ്കൂളിലെ എച്ച്.എസ്.ടി (നാച്ചറൽ സയൻസ്) തസ്തികയിലെ നിയമനത്തിനുള്ള യോഗ്യതയായി കാലിക്കറ്റ് സർവകലാശാലയിലെ ബി.എസ്.സി (ഫാമിലി ആൻഡ് കമ്മ്യൂണിറ്റി സയൻസ്) കോഴ്സിനെ പരിഗണിക്കാമെന്ന് എസ്.സി.ഇ.ആർ.ടി ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് സർവകലാശാല നടത്തിവരുന്ന ബി.എസ്.സി (ഫാമിലി ആൻഡ് കമ്മ്യൂണിറ്റി സയൻസ്) ബിരുദം സർക്കാർ/ എയഡഡ് സ്കൂളുകളിൽ എച്ച്.എസ്.ടി (നാച്ചറൽ സയൻസ്) അദ്ധ്യാപക തസ്തികയിലെ നിയമനത്തിന് മതിയായ യോഗ്യതയായി നിശ്ചയിച്ച് ഉത്തരവാകുന്നു.

ഇതു സംബന്ധിച്ച് KER ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ പിന്നീട് ഭേദഗതി വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച്. നജീബ്**

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം

രജിസ്ട്രാർ, കോഴിക്കോട് സർവ്വകലാശാല.

ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.

ഡയറക്ടർ, വെബ് & ന്യൂമീഡിയ (പ്രസ്സ് റിലീസ്), വിവര പൊതുജന സമ്പർക്ക വകുപ്പ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും, ഓഫീസർമാർക്കും.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:-

ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ